**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 271** **27-01-2026 - ൽ മറുപടിയ്ക്ക്**

**കുട്ടികളുടെ സമഗ്രമായ വികസനം മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മാനുഷിക വികസന സൂചികകളിൽ മുന്നിൽ നിൽക്കുന്ന സംസ്ഥാനമെന്ന നിലയിൽ കുട്ടികളുടെ സമഗ്രമായ വികസനം ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>കുട്ടികളുടെ സമഗ്രമായ വികസനത്തിനു വേണ്ടി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | നഗരവത്കരണം, മാറിക്കൊണ്ടിരിക്കുന്ന കുടുംബഘടന, സ്ക്രീൻ ടൈമിലെ വർധനവ്, അക്കാദമിക് സമ്മർദ്ദം എന്നിവ കുട്ടികളുടെ സമഗ്ര വികസനത്തെ ബാധിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | നഗരവൽകരണം, മാറിക്കൊണ്ടിരിക്കുന്ന കുടുംബഘടന, സ്ക്രീൻ ടൈമിലെ വർദ്ധനവ്, അക്കാദമിക് സമ്മർദ്ദം ഇവയൊക്കെ തന്നെ കുട്ടികളുടെ വികസനത്തെ ബാധിക്കുന്നുണ്ട്. അധ്യാപകർ, സ്കൂൾ കൗൺസിലർ എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തി ഇത്തരം കുട്ടികളെ ആരോഗ്യ വകുപ്പ്, ഡിസ്ട്രിക്ട് മെന്റൽ ഹെൽത്ത് പ്രോഗ്രാം സംവിധാനത്തിലേക്ക് റഫർ ചെയ്യുകയും അവർക്ക് സൈക്ക്യാട്രസ്റ്റിന്റെ സേവനം ഉൾപ്പെടെ ലഭ്യമാക്കുകയും ചെയ്യുന്നു. കൂടാതെ വകുപ്പിന്റെ തന്നെ ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ഡിസ്ട്രിക്ട് റിസോഴ്സ് സെന്ററുകളിലേയ്ക്കും റെഫർ ചെയ്തു സൈക്കോളജിസ്റ്റിന്റെ സേവനം ലഭ്യമാക്കി വരുന്നു.<br><br>കുട്ടികളുടെ അവകാശങ്ങളെ കുറിച്ചും സംരക്ഷണത്തെക്കുറിച്ചും രക്ഷിതാക്കൾക്കിടയിലും പൊതു സമൂഹത്തിനിടയിലും അവബോധം സൃഷ്ടിയ്ക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെ ഉത്തരവാദിത്വപൂർണ്ണമായ രക്ഷാകർത്തൃത്വം കുട്ടികൾക്ക് ഉറപ്പാക്കുന്നതിനായി 2021 ഫെബ്രുവരി മാസം മുതൽ 158 ബ്ലോക്കുകളിലും പാരൻറിംഗ് ക്ലിനിക്കുകൾ സ്ഥാപിച്ച് |

| | | | |
|---|---|---|---|
| | | | പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പാരെന്റിംഗ് ക്ലിനിക്കുകളുടെ സേവനം കൂടുതൽ പേരിലേക്ക് എത്തിക്കുന്നതിനും കൂടുതൽ ഇടങ്ങളിലേക്ക് വ്യപിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് ശനിയാഴ്ചകളിൽ പഞ്ചായത്തുകളിൽ ചാക്രിക അടിസ്ഥാനത്തിൽ 2021ആഗസ്റ്റ് മാസം മുതൽ ഔട്ട് റീച്ച് ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നു.. കൂടാതെ ഉത്തരവാദിത്ത രക്ഷകർത്തൃത്വം പ്രോത്സാഹിപ്പിക്കുന്നതിനും കുട്ടികൾക്ക് കുടുബത്തിൽ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുമായി രക്ഷിതാക്കളിൽ വേണ്ടത്ര അവബോധം സൃഷ്ടിയ്ക്കുന്നതിനുള്ള പാരൻറിംഗ് ക്യാമ്പയിൻ സംസ്ഥാനത്ത് നടപ്പിലാക്കി. ആയതിന്റെ ഭാഗമായി സെലിബ്രിറ്റികളെ ഉപയോഗിച്ച് ഹ്രസ്വചിത്രം, ഡോക്യുമെൻററി, പോസ്റ്ററുകൾ, സെമിനാറുകൾ, എഫ്.എം. ക്യാമ്പയിനുകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. |
| (സി) | സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ ആത്മഹത്യ, ലഹരിമരുന്നുപയോഗം, മാനസികാരോഗ്യ പ്രശ്നങ്ങൾ എന്നിവ വർദ്ധിച്ച് വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വനിതാ ശിശുവികസന വകുപ്പിന്റെ നേതൃത്വത്തിൽ സ്കൂളുകളിൽ കൂടുതൽ സൈക്കോ സോഷ്യൽ കൗൺസിലർമാരെ നിയമിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്. നിലവിലുള്ളതിനു പുറമെ 1012 സ്കൂളുകളിൽ കൂടി സൈക്കോസോഷ്യൽ പദ്ധതി നടപ്പാക്കുന്നതിനും അതിനുവേണ്ടി 1012 പുതിയ സൈക്കോസോഷ്യൽ കൗൺസിലർമാരെ നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലുണ്ട്. |
| (ഡി) | കൊലപാതക ശ്രമം, മയക്കുമരുന്ന് ഉപയോഗം അടക്കമുള്ള കേസുകളിൽ കുറ്റാരോപിതരായ കുട്ടികളെ കൗൺസിലിംഗിലൂടെയും നിരന്തര നിരീക്ഷണത്തിലൂടെയും ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | കൊലപാതകശ്രമം, മയക്കുമരുന്ന് ഉപയോഗം അടക്കമുള്ള കേസുകളിൽ കുറ്റാരോപിതരായ കുട്ടികളെ കൗൺസിലിംഗിലൂടെയും നിരന്തര നിരീക്ഷണത്തിലൂടെയും ജീവിതത്തിലേക്ക് തിരികെകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. ഇത്തരം കുട്ടികളെ ജുവനൈൽ ജസ്റ്റിസ് ബോർഡ് മുമ്പാകെ ഹാജരാക്കുകയും ഐ.സി.പി.എസ് സംവിധാനത്തിന്റെ സഹായത്തോടെ പുനരധിവാസത്തിനും തുടർപ്രവർത്തനത്തിനും ആവശ്യമായ നടപടികൾ വകുപ്പ് സ്വീകരിച്ച് വരുന്നു.<br><br>ബാലനീതി നിയമം 2015 (Juvenile Justice Act 2015) അടിസ്ഥാനപ്പെടുത്തി നിയമവുമായി പൊരുത്തപ്പെടാൻ സാധിക്കാത്ത കുട്ടികളുടെ (Children in Conflict with Law) മാനസികവും ശാരീരികവും സാമൂഹികവുമായ സുസ്ഥിതി ഉറപ്പാക്കുന്നതിനും കുട്ടികളെ സാമൂഹികക്രമവുമായി പുനഃസംയോജിപ്പിക്കുന്നതിനും അതിലൂടെ കുട്ടികൾ വീണ്ടും കുറ്റകൃത്യങ്ങളിൽ |

| | | | |
|---|---|---|---|
| | | | ഏർപ്പെടുന്നില്ല എന്ന് ഉറപ്പാക്കുന്നതിനും വനിത-ശിശു വികസന വകുപ്പ് ഇന്ത്യയിൽ ആദ്യമായി വികസിപ്പിച്ചെടുത്ത് കേരളത്തിലെ 14 ജില്ലകളിലും 2016 മുതൽ വിജയകരമായി നടപ്പാക്കിവരുന്ന തുടർച്ചാ പദ്ധതിയാണ് കാവൽ.<br><br>പതിനാലു ജില്ലകളിലുമായി കൊലപാതക ശ്രമം, മയക്കുമരുന്ന് ഉപയോഗം അടക്കമുള്ള കേസുകളിൽ ഉൾപ്പെട്ട5336 കുട്ടികൾക്കും അവരുടെ സഹോദരങ്ങൾക്കും കുടുംബത്തിനാകെ തന്നെയും ഈ പദ്ധതിയിലൂടെ മാനസിക, വൈകാരിക, സാമൂഹിക, വിദ്യാഭ്യാസ, സാമ്പത്തിക പിന്തുണ ലഭ്യമാക്കിയിട്ടുണ്ട്. 'കാവൽ' ഇടപെടൽ ആരംഭിക്കുമ്പോൾ നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളിൽ കണ്ടെത്തിയ, കുറ്റകൃത്യങ്ങൾ ചെയ്യാനുള്ള സഹജവാസന13 ശതമാനം കുട്ടികൾ എന്നതിൽ നിന്നും 3.3 ശതമാനമായി കുറയ്ക്കാൻ നിരന്തരമായ ഇടപെടലുകളിലൂടെ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

കുട്ടികളുടെ സമഗ്ര വികസനം ഉറപ്പാക്കുന്നതിനായി വനിത ശിശു വികസന വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതികൾ

### ICDS പദ്ധതി

1975 ൽ തുടക്കം കുറിച്ച ICDS പദ്ധതിയിൻ കീഴിൽ നിലവിൽ 258 ICDS പ്രൊജക്റ്റുകളിലായി 33120 അങ്കണവാടികൾ മുഖേന അനുപൂരക പോഷകാഹാരം, ശൈശവകാല പരിചരണവും പ്രീസ്കൂൾ വിദ്യാഭാസവും, രോഗപ്രതിരോധന സേവനങ്ങൾ, ആരോഗ്യ പരിശോധന, റഫറൽ സേവനങ്ങൾ എന്നിവ നൽകി വരുന്നു.

കുട്ടികളുടെ മാനസിക, ശാരീരിക, ബൗദ്ധിക, സാമൂഹിക വൈകാരിക വികാസത്തിന് ഊന്നൽ നൽകിക്കൊണ്ട് അങ്കണവാടികളിൽ തീം അധിഷ്ഠിത പ്രീസ്കൂൾ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു . ഇത് വഴി കുട്ടികളുടെ school readiness ഉറപ്പാക്കാൻ കഴിയുന്നു. പ്രീ സ്കൂൾ കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം മെച്ചപ്പെടുത്തുന്നതിന് ആഴ്ചയിൽ മൂന്നു ദിവസം പാലും മുട്ടയും നല്കുന്ന 'പോഷക ബാല്യം' പദ്ധതിയും സംസ്ഥാനത്ത് നടപ്പിലാക്കുന്നു. കുട്ടികളുടെ വളർച്ചയും വികാസവും കൃത്യമായി മോണിറ്റർ ചെയ്യുന്നതിന് സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ പോഷണ ട്രാക്കർ സംവിധാനം അങ്കണവാടികളിൽ ഉപയോഗിച്ച് വരുന്നു. കൂടാതെ ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കുട്ടികളുടെ രക്ഷകർത്താക്കൾ എന്നിവർക്കായി ആരോഗ്യ-പോഷണ വിദ്യാഭ്യാസം എന്നിവയും നൽകുന്നു.

സംസ്ഥാനത്ത് 6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾക്കു കുടുംബശ്രീയുടെ സ്വയം സഹായ സംഘങ്ങൾ നിർമിക്കുന്ന 11 മൈക്രോ ന്യൂട്രിയൻസ് ചേർത്ത് ഫോർട്ടിഫൈ ചെയ്ത അമൃതം ന്യൂട്രിമിക്സ് (Calcium, Iron, zink, VitaminA, Thiamine, Riboflavin, Niacin, Vitamin B6, Vitamin C, Folic Acid and Vitamin B12) ടേക്ക് ഹോം റേഷനായി അനുവദിക്കുന്നു. ഒരു ഗുണഭോക്താവിന് ഒരു ദിവസം 135 gm ന്യൂട്രിമിക്സ് എന്ന അളവിൽ ഒരു മാസം 25 ന്യൂട്രിഷണൽ ദിവസത്തേയ്ക്ക് (3.375 kg) അമൃതം ന്യൂട്രിമിക്സ് ടേക്ക് ഹോം റേഷനായി അനുവദിക്കുന്നു.

3 വയസ്സ് മുതൽ 6 വയസ്സു വരെയുള്ള അങ്കണവാടികളിൽ വരുന്ന പ്രീസ്കൂൾ കുട്ടികൾക്ക് പാകം ചെയ്ത പ്രഭാത ഭക്ഷണം, ഉച്ച ഭക്ഷണം, ജനറൽ ഫീഡിങ് എന്നിവ നൽകി വരുന്നു.

ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് (ഗർഭകാല ആരംഭം മുതൽ പ്രസവശേഷം 6 മാസം വരെ) പ്രതിദിനം 600 K Calories, 18-20gm പ്രോട്ടീൻ അടങ്ങുന്ന ഭക്ഷണ പദാർത്ഥങ്ങൾ ഒരു മാസം 25 ന്യൂട്രിഷണൽ ദിവസത്തേയ്ക്ക് അനുവദിക്കുന്നു.

**സൈക്കോസോഷ്യൽ സർവിസ് പദ്ധതി**

കൗമാരക്കാരായ പെൺകുട്ടികളുടെ സാമൂഹ്യ-മാനസികാവസ്ഥ മെച്ചപ്പെടുത്തുന്നതിന് ഊന്നൽ നൽകിക്കൊണ്ട് സർക്കാർ, എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന സ്കൂളുകളിൽ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് സൈക്കോസോഷ്യൽ സർവിസ് പദ്ധതി. ഈ പദ്ധതി നിലവില് 1012 സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം സംസ്ഥാനത്ത് നിലവിൽ 1012 സ്കൂൾ കൗൺസിലർമാർ സേവനമനുഷ്ഠിച്ചു വരുന്നു. കൗമാര പ്രായക്കാരായ പെൺകുട്ടികളുടെ ശാരീരിക, മാനസിക, ആരോഗ്യ, പഠന നിലവാരം മുൻനിർത്തിക്കൊണ്ടുള്ള കൗൺസിലിംഗ് പ്രവർത്തനങ്ങൾക്കാണ് ഈ പദ്ധതിയിൽ മുൻഗണന നൽകുന്നത്. അതോടൊപ്പംതന്നെ അവശ്യഘട്ടങ്ങളിൽ കുട്ടികൾക്ക് വേണ്ട പിന്തുണ നൽകുന്നതിന് രക്ഷകർത്താക്കളെ പ്രാപ്തരാക്കുന്നതിന് പാരന്റിംഗ് പരിശീലനത്തിലൂടെ കൗൺസിലർമാരുടെ സഹായം ലഭ്യമാക്കുന്നു.

**വർണ്ണക്കൂട്ട്**

സംസ്ഥാനത്ത് വനിതാ ശിശുവികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 33,115 അങ്കണവാടികളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന അഡോളസെന്റ് ക്ലബ്ബുകളെ “വർണ്ണക്കൂട്ട്” എന്ന് പുനർനാമകരണം ചെയ്ത് കൗമാരപ്രായക്കാരായ കുട്ടികളുടെ ശാക്തീകരണവും, ശാരീരികവും മാനസികമായ ഉന്നമനവും ലക്ഷ്യമിട്ട് വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു.

**സ്കീം ഫോർ അഡോളസെൻറ് ഗേൾസ് പദ്ധതി**

സ്കീം ഫോർ അഡോളസെൻറ് ഗേൾസ് പദ്ധതി 2022-23 സാമ്പത്തിക വർഷം മുതൽ കേരളത്തിലെ ആസ്പിരേഷൻ ജില്ലയായ വയനാട് ജില്ലയിലെ 14-18 വയസ്സുവരെയുള്ള കൗമാരപ്രായക്കാരായ എല്ലാ പെൺകുട്ടികൾക്കുമായി നടപ്പിലാക്കുന്നു. പദ്ധതിയിൽ ഉൾപ്പെട്ട

ഗുണഭോക്താക്കളുടെ ആരോഗ്യപോഷണ നിലവാരം ഉയർത്തുന്നതിലേയ്ക്കായി 600 കലോറിയും, 18–20 ഗ്രാം പ്രോട്ടീനും മൈക്രോന്യൂട്രിയൻസും വർഷത്തിൽ 300 ദിവസം Take Home Ration ആയി നൽകേണ്ടതാണെന്നും കൂടാതെ പദ്ധതിയുടെ ഭാഗമായി വിവിധ വകുപ്പുകളുമായി പ്രവർത്തനത്തിലൂടെ യോജിച്ചുള്ള നോൺന്യൂട്രിഷ്യൻകമ്പോണന്റ് ഇനത്തിലുള്ള സേവനം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

**1000 ദിന പരിപാടി.**

ഗർഭാവസ്ഥ മുതൽ കുഞ്ഞിന് 2 വയസ്സുവരെയുള്ള കാലഘട്ടത്തിൽ കുഞ്ഞിന്റെ സമഗ്ര വികസനം ലക്ഷ്യം വച്ചും അമ്മയുടെ പോഷകാഹാര ലഭ്യത ഉറപ്പാക്കുന്നതിനുമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ആദ്യ 1000 ദിന പരിപാടി. അട്ടപ്പാടി മേഖലയിലുണ്ടായ വർദ്ധിച്ച ശിശുമരണങ്ങളുടെ പശ്ചാത്തലത്തിൽ 2013 ലാണ് പദ്ധതി അട്ടപ്പാടിയിൽ ആരംഭിച്ചത്. എസ്.സി./എസ്. റ്റി. ജനസംഖ്യ, മത്സ്യത്തൊഴിലാളി ജനസംഖ്യ, തൂക്കകുറവുള്ള കുട്ടികളുടെ എണ്ണം എന്നിങ്ങനെയുള്ള പ്രധാനപ്പെട്ട ഘടകങ്ങൾ കണക്കിലെടുത്ത് നിലവിൽ സംസ്ഥാനത്താകെ 57 പ്രോജക്ടുകളിൽ നടപ്പിലാക്കുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും പ്രത്യേക മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാ മാസവും പ്രത്യേക തെറാപ്യൂട്ടിക് ഫുഡ്(3 Kg/ month) വിതരണം നടത്തിവരുന്നു .

<u>കുട്ടികളുടെ സമഗ്ര വികസനം ഉറപ്പാക്കുന്നതിനായി സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി (SCPS) മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതികൾ</u>

ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ളതും നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ ക്ഷേമം, സംരക്ഷണം ഉറപ്പാക്കി സ്ഥാപന സംരക്ഷണം നല്കുന്നതിനായി സംസ്ഥാനത്ത് ആകെ 27 ചൈൽഡ് കെയർ സ്ഥാപനങ്ങൾ വനിതാ ശിശുവികസന വകുപ്പ് മുഖേന സർക്കാർ നേരിട്ട് നടത്തി വരുന്നു.

- സ്ഥാപനത്തിൽ  വളരുന്ന കുട്ടികൾക്ക് പതിനെട്ടു വയസു പൂർത്തിയാകുന്നതോടെ സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തരാക്കുന്നതിനായി സംസ്ഥാനത്ത് 3 ആഫ്റ്റർകെയർ ഹോമുകളും വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വരുന്നു.

- മാതാപിതാക്കൾക്കുള്ള അവകാശങ്ങളും ചുമതലകളും നഷ്ടപ്പെടാതെ തന്നെ കുട്ടികളെ മറ്റൊരു കുടുംബത്തിൽ താത്കാലികമായി വളർത്തുന്നതാണ് പോറ്റി വളർത്തൽ (ഫോസ്റ്റർ കെയർ). കുടുംബത്തിൽ മതിയായ സംരക്ഷണം ലഭിക്കാത്തതും ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ കഴിയുന്നതുമായ കുട്ടികളെ ഗുണകരമായ കുടുംബാന്തരീക്ഷത്തിൽ പുനരധിവസിപ്പിക്കുക എന്നതാണ് ഫോസ്റ്റർ കെയർ പദ്ധതിയുടെ ലക്ഷ്യം. കുടുബാന്തരീക്ഷത്തിൽ തന്നെ കുട്ടികളെ വളർത്തുന്നതിന് കുടുംബങ്ങൾക്ക് പിന്തുണ നൽകുന്നതിനായി, സാമ്പത്തിക പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 2000/-രൂപ വരെ നൽകുന്ന സ്പോൺസർഷിപ്പ് പദ്ധതി നടപ്പിലാക്കി വരുന്നു.

- കുട്ടികൾ അനുഭവിക്കുന്ന സ്വഭാവ വൈകാരിക മാനസിക സാമൂഹിക വെല്ലുവിളികൾ നേരത്തെ കണ്ടെത്തി അവരിലെ ജീവിത നൈപുണികൾ ശക്തിപ്പെടുത്തുന്നതിനായി സ്കൂളുകൾ കേന്ദ്രീകരിച്ചു ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ(ORC) പദ്ധതി നടപ്പിലാക്കുന്നുണ്ട്. നിലവിൽ 1117 ഹൈസ്കൂളിലും, 115  യുപി സ്കൂളുകളിലും പദ്ധതി നടപ്പിലാക്കി വരുന്നു.

- ബാലനീതി നിയമത്തിന്റെ പ്രധാന തത്വങ്ങള് ഉൾക്കൊണ്ടുകൊണ്ട് കുട്ടികളെ കുടുംബത്തോടൊപ്പം സുരക്ഷിതരായി തന്നെ താമസിപ്പിച്ച് പുനരധിവാസം ഉറപ്പാക്കുന്നതിന് സംസ്ഥാനം Family Based Alternative Care പദ്ധതിയ്ക്ക് രൂപം നൽകുകയും ആയതിന്റെ പഞ്ചവത്സര കർമ്മ പദ്ധതി നടപ്പിലാക്കി തുടങ്ങുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിൽ കഴിയുന്ന കുട്ടികളുടെ എണ്ണം കുറച്ച് കൊണ്ടുവരുന്നതിനും കുട്ടികൾക്ക് കുടുംബാന്തരീക്ഷം ഒരുക്കുന്നതിനും സാധിക്കുന്നു.

- കുട്ടികൾ നേരിടുന്ന സ്വഭാവ, വൈകാരിക, പഠന, മാനസിക വെല്ലുവിളികൾ മുൻകൂട്ടി കണ്ടെത്തി വിദഗ്ധരുടെ സഹായത്തോടെ കുട്ടിക്ക് അനുയോജ്യ ശാസ്ത്രീയ പരിചരണം ഉറപ്പ് വരുത്തുന്നതിനായി എല്ലാ ജില്ലകളിലും ശിശു സംരക്ഷണ യൂണിറ്റുകളോടു ചേർന്ന് "ജില്ലാ റിസോഴ്സ് സെന്ററുകൾ" (DRC) പ്രവർത്തിക്കുന്നു.

- നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളിൽ ബയോ-സൈക്കോ-സോഷ്യൽ പിന്തുണ നൽകി സമൂഹത്തിലേക്ക് പുനരധിവസിപ്പിക്കുന്നതിനായി സന്നദ്ധ സംഘടനയുടെ പിന്തുണയോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് കാവൽ. ഈ പദ്ധതിയിലൂടെ മാനസിക, വൈകാരിക, സാമൂഹിക, വിദ്യാഭ്യാസ, സാമ്പത്തിക പിന്തുണ ലഭ്യമാക്കി വരുന്നു. കാവൽ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയ ശേഷം കുട്ടികൾ വീണ്ടും കുറ്റകൃത്യത്തിൽ ഏർപ്പെടുന്ന സാഹചര്യം 13% ത്തിൽ നിന്നും 3 % ആയി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

- സംസ്ഥാനത്ത് കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യം ഫലപ്രദമായി ചെറുക്കുക, കുട്ടികളുടെ അവകാശങ്ങളെ കുറിച്ചും സംരക്ഷണത്തെക്കുറിച്ചും രക്ഷിതാക്കൾക്കിടയിലും പൊതുസമൂഹത്തിനിടയിലും അവബോധം സൃഷ്ടിക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെ ഉത്തരവാദിത്വപൂർണ്ണമായ രക്ഷാകർത്തൃത്വം കുട്ടികൾക്ക് ഉറപ്പാക്കുന്നതിനായി 2021 ഫെബ്രുവരി മാസം മുതൽ 158 ബ്ലോക്കുകളിലും പാരന്റിംഗ് ക്ലിനിക്കുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പാരെന്റിംഗ് ക്ലിനിക്കുകളുടെ സേവനം കൂടുതൽ പേരിലേക്ക് എത്തിക്കുന്നതിനും കൂടുതൽ ഇടങ്ങിലേക്ക് വ്യാപിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് ശനിയാഴ്ചകളിൽ പഞ്ചായത്തുകളിൽ ചാക്രിക അടിസ്ഥാനത്തിൽ 2021 ആഗസ്റ്റ് മാസം മുതൽ ഔട്ട് റീച്ച് ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

- കുട്ടികളുമായി ബന്ധപ്പെട്ട എല്ലാ തരത്തിലുള്ള വിഷയങ്ങളും കൈകാര്യം ചെയ്യുന്നതിനും അടിയന്തിര സഹായം എത്തിക്കുന്നതിനുമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന 1098 (പത്ത് ഒൻപത് എട്ട്) ടോൾ ഫ്രീ നമ്പർ ചൈൽഡ് ഹെല്പ് ലൈൻ സംവിധാനവും സംസ്ഥാനത്തു കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

- സംസ്ഥാനത്തെ ബാലസുരക്ഷിതമാക്കുക എന്ന ലക്ഷ്യത്തോടെ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ സംസ്ഥാനം ബാല സുരക്ഷിതമാക്കൽ എന്ന കർമ്മ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവിധ stake holders സഹകരണത്തോടെ action plan തയ്യാറാക്കി നടപ്പിലാക്കി വരുന്നു.